LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ ജില്ലകൾ വിഭജിക്കുന്നതിന് നടപടി

45 [1447] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ :
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ ജില്ലകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ ജില്ലകളാണ് രൂപീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ ;

(ഡി) വിദ്യാഭ്യാസ ജില്ലകളുടെ ആസ്ഥാനം ഏതാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(ഡി) മലപ്പുറം ജില്ലയിലെ വിദ്യാഭ്യാസ ജില്ലകൾ വിഭജിച്ച് ഒരു പുതിയ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

അൺ-എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിജപ്പെടുത്താൻ നടപടി

46 [1448] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒരു ക്ലാസ്സിൽ ഉൾക്കൊള്ളിക്കാവുന്ന കുട്ടികളുടെ എണ്ണം എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ഇത്തരം സ്കൂളുകളിൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതം നിലവിലുണ്ടോ;

(സി) പ്രസ്തുത വ്യവസ്ഥകൾ അൺ-എയ്ഡഡ് സ്കൂളുകളിലും ബാധകമാണോ ;

(ഡി) അൺ-എയ്ഡഡ് സ്കൂളുകളിൽ ഇവ പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് സംവിധാനം ഉണ്ടാക്കുമോ;

(ഇ) അൺ-എയ്ഡഡ് സ്കൂളുകൾ തുടങ്ങാൻ നൽകുന്ന അനുമതി പത്രത്തിൽ ഒരു ക്ലാസ്സിൽ ഉൾക്കൊള്ളിക്കാവുന്ന കുട്ടികളുടെ എണ്ണം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എന്നിവകൂടി ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ;